# MESSAGE OF THE KHALIFATHULLAH ABOUT ROYINGYA MUSLIMS IN MYANMAR (BURMA)
## 12 September 2017

## ബർമ്മ (മ്യാൻമാർ) യിലെ രോഹിങ്ക്യാ മുസ്ലിംകൾക്കെതിരെ നടക്കുന്ന കൊടും പീഡനങ്ങളുടെ പശ്ചാത്തലത്തിൽ, ഖലീഫത്തുല്ലാഹയുടെ സമാധാന സന്ദേശം

എന്റെ പ്രിയ സഹോദരന്മാരെ, സഹോദരീമാരെ, കുട്ടികളെ, ദൈവീക സമാധാനവും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ ഇറങ്ങട്ടെ !

2001 സെപ്റ്റംബർ 11 -ാം തീയതി അമേരിക്കയിൽ നടന്ന ആക്രമണങ്ങൾ തീർച്ചയായും അപലപനീയവും ഭീതി ജനകവുമാണ്. കാര്യങ്ങൾ വ്യക്തമായി മനസ്സിലാകാത്തവരെ സംബന്ധിച്ചിടത്തോളം, ആ തീവ്രവാദി ആക്രമണങ്ങൾ അമേരിക്കൻ സർക്കാറിന് മുസ്ലിംകൾ നല്കിയ ഒരു താക്കീത് ആയി തോന്നിയിരിക്കാം. പാശ്ചാത്യലോകത്ത് വളരെയേറെ ജനങ്ങൾ കരുതുന്നത് മുസ്ലിംകൾ നടത്തിയ വിശുദ്ധയുദ്ധം തന്നെയായിരുന്ന അത് എന്നത്ര !

അപ്പോൾ, നാം ആ ചോദ്യത്തിലേക്ക് എത്തുന്നു? ആരാണ് ഒരു മുസ്ലിം? ഇസ്ലാം മതത്തിൽ വിശ്വസിയ്ക്കുന്ന, മുഹമ്മദ് നബി (സ) യുടെ ആത്മീയ ബന്ധുക്കളാണ് മുസ്ലിംകൾ എന്ന കാര്യം തന്നെ ഒരു വലിയ കുറ്റമായി അമുസ്ലിംകൾ കരുതുന്നു. അമേരിക്കയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും ഇത് തന്നെയാണ് സ്ഥിതി.

മുസ്ലിം എന്ന വാക്കിന്റെ പദാർത്ഥം തന്നെ ദൈവീക തീരുമാനങ്ങൾക്ക് പൂർണ്ണമായും കീഴ്വണങ്ങുന്ന മാനസ്സിക സമാധാനവും ഉൾശാന്തിയും ആർജ്ജിയ്ക്കുന്നവൻ എന്നു തന്നെയാണ്. അപ്പോൾ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഉയരുന്നു. ദൈവത്തിന്റെ വ്യക്തമായ അനുമതിയോ കല്പനയോ ചില പ്രത്യേക സന്ദർഭങ്ങളിൽ ലഭിയ്ക്കുമ്പോഴല്ലാതെ, ഒരു മുസ്ലിമിന്, ദൈവത്തിന്റെ തന്നെ സൃഷ്ടികളായ ഭൂമിയിലെ മറ്റു പൗരന്മാർക്കെതിരിൽ ആയുധമെടുക്കാൻ കഴിയുമോ? മറ്റുള്ളവരുടെ രക്തം ചീന്തി, ഭൂമിയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത്

ഒരു മുസൽമാന് ചേർന്നതാണോ ? ഒരിയ്ക്കലുമല്ല അങ്ങനെയവൻ ചെയ്യുകയാണെങ്കിൽ, ഖുർആൻ പരിധികൾക്കു പുറത്ത് പ്രവർത്തിയ്ക്കുമ്പോൾ, ഇസ്ലാമിക പാഠങ്ങൾക്ക് വിരുദ്ധമായി വരുമ്പോൾ, മുസ്ലിം എന്ന പേരിന് തന്നെ അയോഗ്യനാകുന്നു.

സെപ്തംബർ 11 ന് അമേരിക്കയിലുണ്ടായ തീവ്രവാദ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരിൽ വലിയ ഗൂഢാലോകൾ നടന്നുകൊണ്ടിരിയ്ക്കുന്നു. ഇസ്ലാം വിരുദ്ധത പടർത്തി മുസ്ലിംകൾക്കെതിരിൽ വെറുപ്പും വിദ്വേഷവും ജനഹൃദയങ്ങളിൽ നിറയ്ക്കാൻ ശ്രമങ്ങൾ നടക്കുന്നു. പതിനാറു വർഷങ്ങൾക്കപ്പുറം, മുസ്ലിംകൾ ഇപ്പോഴും വേദനയിലാണ്. പലതരം പീഡനങ്ങൾക്കും അവർ ലക്ഷീഭവിക്കുന്നു. മുസ്ലിംകൾക്കിടയിലെ ഉഗ്രവാദികളായ ചിലർ നിമിത്തം ഇസ്ലാമിന്റെ പേര് മോശമായിരിയ്ക്കുന്നു. എല്ലാതരത്തിലും ലോകമാസലം മുസ്ലിംകൾ പീഡനങ്ങൾക്കിങ്ങിരയാവുന്നു. മുസ്ലിം സ്ത്രീകൾക്ക് അവരുടെ ഹിജാബുകൾ ധരിയ്ക്കാൻ അനുമതി ലഭിയ്ക്കുന്നില്ല. ദരിദ്ര രാജ്യങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലിംകൾ, പലപീഡനങ്ങളും നേരിടേണ്ടി വരുന്നു. മുസ്ലിംകൾ എന്ന മതപരമായ അസ്ഥിത്വം കാരണം തന്നെ അവരുടെ മൗലീകമായ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. ബർമ്മയിലെ റോഹിങ്ക്യാ മുസ്ലിംകളുടെ സാഹചര്യവും ഇതുപോലെ തന്നെയാണ്. ബുദ്ധമത വിശ്വാസികളും ഭൂരിപക്ഷ സമുദായവും അവിടുത്തെ സർക്കാരും കൂട്ട് ചേർന്ന് ന്യൂനപക്ഷമായ റോഹിങ്ക്യകളെ സമാനതകളില്ലാത്ത പീഡനങ്ങൾ ഏല്പിച്ചു കൊണ്ടിരിയ്ക്കുന്നു.

## രോഹിങ്ക്യകളുടെ കണ്ണീരും മാനവരാശിയും

മ്യാൻമാറിലെ റഖീൻ പ്രവിശ്യയിലാണ് ഭൂരിപക്ഷം റോഹിങ്ക്യകളും അധിവസിച്ചിരുന്നത്. ബുദ്ധമത വിശ്വാസികൾക്കൊപ്പം ദശകങ്ങളായി ആ നാട്ടിൽ ഭയപ്പാടോടെയും പ്രശ്നങ്ങൾ സഹിച്ചും ആണ് അവർ കഴിഞ്ഞു പോയിരുന്നത്.

രോഹിങ്ക്യങ്ങൾ, മുസ്ലിംകളുടെ പിന്മുറക്കാരാണ് തങ്ങൾ എന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിയ്ക്കുന്നു. പേർഷ്യക്കാരും അറബികളുമായ കച്ചവടക്കാരുടെ സംഘങ്ങൾ മ്യാന്മാറിലേക്ക് വളരെ മുമ്പേ എത്തിയിരുന്നു. ബുദ്ധമത സമുദായത്തിൽ നിന്ന് വ്യത്യസ്തമായി, അവർക്ക് മറ്റൊരു ഭാഷയുണ്ട്. ബംഗ്ലാദേശിലെ

ചിറ്റഗോംഗ് ഭാഗത്തെ ജനങ്ങൾ സംസാരിയ്ക്കുന്ന ബംഗാളി ഭാഷയുടെ വക ദേഭത്തോട് സാമ്യമുള്ള ഭാഷയാണ് അവരുടേത്.

മ്യാൻമാറിൽ, റോഹിങ്ക്യകളെ അനധികൃത കുടിയേറ്റക്കാരായി ചിത്രീകരിച്ച്, ഭരണസംവിധാനത്തിൻ കീഴിൽ വിവേചനം കാട്ടി പീഡിപ്പിക്കുകയാണ്. മ്യാൻമാർ സർക്കാർ അവരെ പൗരത്വരഹിതരായി കണക്കാക്കുന്നു. അവർക്ക് പൗരത്വം നിഷേധിക്കപ്പെട്ടിരിയ്ക്കുന്നു. സഞ്ചാര സ്വാതന്ത്ര്യ നിഷേധം, ആരോഗ്യ സംവിധാനത്തിൽ നിന്നുള്ള പറിച്ചു മാറ്റൽ, വിദ്യഭ്യാസം, നേടാനുള്ള അവകാശലംഘനം, അടിസ്ഥാന സേവനങ്ങളുടെ നിഷേധം തുടങ്ങി നിരവധി പ്രശ്നങ്ങളാണ് ഈ ജനത നേരിട്ട് കൊണ്ടിരിയ്ക്കുന്നത്. ദൈവം തമ്പുരാൻ ഖുർആനിൽ പറഞ്ഞതുപോലെ "സത്യവിശ്വാസം സ്വീകരിച്ചവരും പലായനം ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുകയും ചെയ്തവരുമുണ്ടല്ലോ. അവർ അല്ലാഹുവിന്റെ കാരുണ്യത്തെ ആഗ്രഹിയ്ക്കുന്നു. അല്ലാഹു പൊറുത്തു കൊടുക്കുന്നവനും മഹാകാരുണികനുമാണ്" (2 : 219)

"സ്വദേശം വെടിഞ്ഞവരും സ്വഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരും, എന്റെ മാർഗ്ഗത്തിൽ മർദ്ദീക്കപ്പെട്ടവരും ധർമ്മയുദ്ധം നടത്തിയവരും (അതിൽ) കൊല്ലപ്പെട്ടവരും ആരോ അവരുടെയെല്ലാം പാപങ്ങൾ ഞാൻ മായ്ച്ചുകളയും. താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുകയും ചെയ്യും. തീർച്ച അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫിലം എന്ന് നിലയ്ക്ക് അല്ലാഹുവിന്റെ പക്കലാണു നല്ലതായ പ്രതിഫലമുള്ളത്." (3 : 196)

ബർമ്മ, ബുദ്ധമത വിശ്വസികളുടെ ഒരു കേന്ദ്രമാണ്, അവിടെ നടക്കുന്ന ഈ ന്യൂനപക്ഷ പീഡനം തീർച്ചയായും വളരെ വേദനിപ്പിക്കുന്നതാണ്. നാട്ടിൽ നിന്നും പുറത്താക്കാൻ വേണ്ടി റോഹിങ്ക്യ മുസ്ലിംകൾക്ക് നേരെ നിഷ്ഠൂരമായ പീഡനങ്ങൾ അഴിച്ചുവിട്ടിരിയ്ക്കുന്നു. ഗൗതമബുദ്ധന്റെ യഥാർത്ഥ ആത്മീയാദ്ധ്യാപനങ്ങളിൽ നിന്ന് വളരെയേറെ വ്യത്യസ്തമായ ചിന്താഗതിയാണ് ബുദ്ധന്റെ മതത്തിന്റെ പേരിൽ ഇവർ ചെയ്തു കൂട്ടികൊണ്ടിയ്ക്കുന്നത്.

ഈയടുത്ത്, (2017 ആഗസ്ററ് 25 മുതൽ) നാലായിരത്തോളം ആളുകൾ കൊല്ലപ്പെട്ടു. ബർമ്മ (മ്യാൻമാറിലെ) യിലെ സൈന്യം പ്രശ്നബാധിതമായ റഖീൻ പ്രവിശ്യയിൽ മുസ്ലിം വിപ്ലവകാരികൾക്കെതിരിൽ നടത്തിയ

സൈനീക നീക്കത്തിലാണ് ഈ മരണങ്ങൾ സംഭവിച്ചത്. സൈനീക ലക്ഷ്യം വംശീയ ശുദ്ധീകരണം ആണ്. അതായത്. ആപ്രവിശ്യയിൽ നിന്ന് മുസ്ലിംകളെ മുഴുവൻ തുരത്തി ഓടിച്ച്, ബർമ്മയിൽ നിന്ന് പൂർണ്ണമായും ഇല്ലാതാക്കുക. ശവ ശരീരങ്ങൾ നദിയിലൊഴുക്കപ്പെടുന്നു. അയൽ രാജ്യമായ ബംഗ്ലാദേശിന്റെ തീരത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ചേതനയറ്റ ശവശരീരങ്ങൾ വന്നു ചേർന്നു കൊണ്രിയ്ക്കുന്നത് ഈ ന്യൂനപക്ഷ സമുദായത്തിനു നേരെ ബർമ്മയിൽ സൈന്യം നടത്തികൊണ്ടിരയ്ക്കുന്ന വംശീയ കൂട്ടക്കൊലയെക്കുറിച്ച് ഭയം ജനി പ്പിക്കുന്നതാണ്.

1978 നു ശേഷം രാജ്യം കണ്ട ഏറ്റവും വലിയ ആക്രമണങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിയ്ക്കുന്നത്. വംശീയ പ്രശ്നങ്ങൾക്ക് ദശകങ്ങളുടെ ദൈർഘ്യം ഉണ്ടെങ്കിലും മ്യാൻമർ സർക്കാരും ഹൃദയശൂന്യരായ ബുദ്ധമത ഉഗ്രവാദികളും ചേർന്ന് ശക്തമായ പ്രത്യാക്രമണമാണ് ഇത്തവണ നടത്തിയിരിയ്ക്കുന്നത്. സൈന്യം നടത്തിക്കൊണ്ടിരിയ്ക്കുന്ന പീഡനങ്ങൾക്കെതിരിൽ റോഹിങ്ക്യ മുസ്ലിം കൾ ആക്രമണത്തിന് മുതിർന്നപ്പോൾ, അവർക്ക് നേരിടേണ്ടി വന്നത് ഭീകര മായ പ്രത്യാക്രമണമാണ്. അവരുടെ ഭീതിജനകമായ സാഹചര്യം മൂലം, 38000 -ൽ പ്പരം റോഹിങ്ക്യകൾ തങ്ങളുടെ ഗ്രാമങ്ങൾ വിട്ട് ഓടിപ്പോകാനും ബംഗ്ലാദേ ശിയിലേക്കും മറ്റു രാജ്യങ്ങളിലേക്കും അഭയം തേടാനും നിർബന്ധിതരായി. വിശു ദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു.

ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിനാകുന്നു. (2 : 285)

ലോകം മുഴുവൻ ദൈവം തമ്പുരാന്റെ അധീനതിയിലാണുള്ളതെങ്കിൽ, തങ്ങളെപ്പോലെയുള്ള മറ്റു മനുഷ്യർക്ക് ഭൂമിയിൽ (ബർമ്മയിൽ) സമാധാനവും സുരക്ഷിതത്വവും നിഷേധിയ്ക്കാൻ ഇവർ ആരാണ് ?

ഗൗതമബുദ്ധൻ തന്റെ അനുചരന്മാരെ പഠിപ്പിച്ചതെന്തന്ന് നമുക്ക് പരിശോ ധിയ്ക്കാം. അതിലൂടെ ഇന്നത്തെ ബുദ്ധമതക്കാർ ഗൗതമബുദ്ധന്റെ അദ്ധ്യാപന ങ്ങളിൽ നിന്നും എന്തു മാത്രം ദൂരപ്പെട്ടിരിയ്ക്കുന്നുവെന്ന് നിങ്ങൾക്ക് കാണാൻ കഴിയും.

## ഗൗതമബുദ്ധന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ

ബുദ്ധൻ പറഞ്ഞു ആക്രമണത്തെ ഏവരും ഭയപ്പെടുന്നു. എല്ലാവരും മര ണത്തെ പേടിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരുടെ സ്ഥാനത്ത് സ്വയം പ്രതി

ഷ്ഠിച്ച് ചിന്തിക്കുക, മറ്റൊരാളെ കൊല്ലരുത് മറ്റുള്ളവരുടെ മരണത്തിന് കാരണക്കാരാവരുത് (ധർമ്മ പാത്ര 129-ാം വചനം)

സഹജീവികളെ ഉപദ്രവിയ്ക്കുന്നവൻ ധർമ്മിഷ്ഠനല്ല. മറ്റുള്ളവരെ ഉപദ്രവിയ്ക്കാത്തതിലൂടെയാണ് ഒരാൾ ധർമ്മിഷ്ഠനാകുക. (ധർമ്മ പാത 270-ാം വചനം)

നിങ്ങൾക്കറിയാവുന്നതുപോലെ, സിദ്ധാർത്ഥ ഗൗതമൻ (ബുദ്ധൻ-ജ്ഞാനോദയം ലഭിച്ചയാൾ) ജീസസ് എന്നിവർ ദൈവത്തിന്റെ പരിശുദ്ധ പ്രവാചകരായിരുന്നു. ആത്മീയ പുനരുദ്ധാരണത്തിനായ് തങ്ങൾ അയയ്ക്കപ്പെട്ട ജനങ്ങൾക്കിടയിൽ അവർ പ്രവർത്തിച്ചു. ജീസസിന് അറുനൂറ് വർഷങ്ങൾക്കു മുമ്പാണ് ബുദ്ധൻ ഇന്ത്യയിൽ അവതീർണ്ണനായത്. രണ്ടു പേരും ജീവിത വിശുദ്ധി കാത്തു സൂക്ഷിച്ചു. സ്വാഭാവ മഹിമ കാട്ടി പരീക്ഷണങ്ങളുടെ തീച്ചൂളയിൽ ക്ഷമയും സഹനതയും കാത്തു സൂക്ഷിച്ചു.

ബുദ്ധമത സ്ഥാപകരായ ഗൗതമബുദ്ധൻ ദൈവാസ്തിത്വത്തിൽ വിശ്വസിച്ചിരുന്നു. അദ്ദേഹം തന്റെ കാലത്തെ ദൈവീക പ്രവാചകനായിരുന്നു. ദൈവമായിരുന്നല്ല.അതുകൊണ്ടു തന്നെ, ദൈവാസ്തിക്യത്തെക്കുറിച്ച് അദ്ദേഹം പഠിപ്പിച്ചു. ദൈവാരാധനാക്രമം ; ദൈവവും മനുഷ്യനും തമ്മിലുള്ള സൃഷ്ടിബന്ധങ്ങൾ ! ദൈവത്തോടുള്ള കീഴ്വണക്കം, സമാധാനം നേടാനുള്ള മാർഗ്ഗം എന്നിവ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളിലുണ്ട്.

ജനതകൾക്കിടയിൽ കാലഗതിയിൽ മുമ്പെഴുന്നേല്പ്പിക്കപ്പെട്ട പ്രവാചകന്മാരുടെ പ്രവാചകത്വത്തെ നാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സംശയിക്കുന്നില്ല. ലോകത്തെ വിവിധ സമുദായങ്ങളിൽ പലപ്പോഴായി അവതീർണ്ണരായ പ്രവാചകന്മാർ ദൈവത്തിന്റെ സത്യദൂതന്മാർ തന്നെയെന്ന് നാം വിശ്വസിക്കുന്നു. ദശലക്ഷക്കണക്കിന് ആളുകൾ അവരെ ആദരപൂർവ്വം വീക്ഷിയ്ക്കുകയും നൂറ്റാണ്ടുകൾക്കു ശേഷവും ബഹുമാനപുരസ്സരം അവരെപ്പറ്റി സംസാരിയ്ക്കുകയും ചെയ്യുന്നുവെന്നതു തന്നെ കാരണം.

ബുദ്ധന്റെ അനുചരന്മാർ ഈ കാലത്തും അദ്ദേഹത്തെ ഒരുപാട് സ്നേഹത്തോടെയും, ഭക്തിപുരസ്സരവും ആദരവോടെയും വീക്ഷിയ്ക്കുന്നു. അദ്ദേഹം ഒരു ദൈവീക പ്രവാചകനായിരുന്നുവെന്നതിന് ഇക്കാര്യം തന്നെ വലിയൊരു തെളിവാണ്. തലമുറകൾ നീണ്ടു നില്ക്കുന്ന സ്നേഹവും ആദരവും പിടിച്ചു

പറ്റി നിലനിർത്താൻ വ്യാജവാദികളായ കള്ള പ്രവാചകന്മാർക്ക് കഴിയുകയില്ല എന്നാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട മറ്റു പ്രവാചകന്മാർക്കും മതങ്ങൾക്കും സംഭവിച്ചതുപോലെ ദൂതന്മാരുടെ അദ്ധ്യാപനങ്ങൾ അവർക്കിടയിൽ ഉണ്ടായിരുന്നിട്ടും, ഇക്കാലത്തെ ബുദ്ധമതാനുയായികൾ, ബുദ്ധന്റെ അടിസ്ഥാന അദ്ധ്യാപനങ്ങളിൽ നിന്നും വഴി മാറി പോയിരിക്കുന്നു. അവർ അദ്ദേഹത്തെ ദൈവമാക്കി മാറ്റിയിരിയ്ക്കുന്നു. ഹുന്ദുമതങ്ങൾ പോലെയുള്ള പൗരാണിക മതങ്ങളിലും ഇതേ അവസ്ഥ നിലനില്ക്കുന്നു. ഗൗതമബുദ്ധൻ ഒരു ദൈവീക പ്രവാചകൻ ആയിരുന്നുവെന്ന യാഥാർത്ഥ്യത്തെ ഒരിയ്ക്കലും ചോദ്യം ചെയ്യേണ്ട കാര്യമില്ല. അദ്ദേഹം പ്രവചിച്ചതു പോലെ, അദ്ദേഹത്തിന്റെ മരണത്തെ ത്തുടർന്ന്, അനുചരന്മാർക്കിടയിൽ ഭിന്നിപ്പുണ്ടായി. അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളുടെ അന്തസ്സത്ത അവർക്ക് നഷ്ടമായി. തന്റെ മരണത്തോടെ അഞ്ച് അമൂല്യരത്നങ്ങൾ നഷ്ടമാകുമെന്ന് അദ്ദേഹം പ്രവചിക്കുകയുണ്ടായി. ഗൗതമന്റെ പ്രവചനത്തിൽപെട്ട, നഷ്ടപ്പെടാതിരുന്ന അമൂല്യ രത്നങ്ങളിൽ ഒന്ന് അദ്ദേഹത്തിന്റെ ആത്മീയഅദ്ധ്യാപനങ്ങൾ ആയിരുന്നു. അദ്ദേഹം പറഞ്ഞു "ഒരു കാലം വരും. മതാദ്ധ്യാപന ശ്ലോകങ്ങൾ സ്മിരിക്കുന്നവർക്ക് നല്കാൻ വലിയ സമ്മാനങ്ങൾ രാജാക്കന്മാർ പ്രഖ്യാപിയ്ക്കും എന്നാൽ, അത് ഏറ്റുവാങ്ങുവാൻ കഴിവുള്ളവർ ഉണ്ടാവുകയില്ല".

ഈ കാരണം കൊണ്ടു തന്നെയാണ് ശ്രീ ഗൗതമനും, ശ്രീ രാമനും, ശ്രീ കൃഷ്ണനും, ശ്രീ യേശുക്രിസ്തുവും ദൈവത്തിന്റെ മഹദ് പ്രവാചകരായിരുന്നു വെന്ന് നാം – ജമാ അത്തുസഹീഹിൽ ഇസ്ലാം – വിശ്വസിയ്ക്കുന്നത്. അതുകൊണ്ടു തന്നെ ബുദ്ധൻ ഒരു നാസ്തികനോ, കലഹങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുന്ന വ്യക്തിയോ ആയിരിയ്ക്കാൻ ഒരു സാധ്യതയുമില്ല. മറിച്ച്, അദ്ദേഹം ദൈവത്തിന്റെ ഒരു വിനീത ദാസനായിരുന്നു. ദൈവാസ്തിക്യം പ്രഘോഷിയ്ക്കാൻ അയ്ക്കപ്പെട്ട ഒരു സമാധാന ദൂതൻ. ദൈവാരാധനയിലേക്ക് ഇന്ത്യയിലെ ജനങ്ങളെ നയിക്കാൻ വിധിക്കപ്പെട്ട ദൂതൻ.

## ബർമ്മാസർക്കാറിനൊരു താക്കീത്

അതുകൊണ്ട്, ബർമ്മയിലെ മുസ്ലിംകളോട്, അവിടുത്തെ സൈന്യവും, ബുദ്ധമതക്കാരും ചേർന്ന് മനുഷ്യത്വ രഹിതമായ നിലയിൽ പെരുമാറുന്നതിന്റെ നിരവധി വീഡിയോ ദൃശ്യങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ, മ്യാൻമാർ

സർക്കാറിനെയും ഈ അതിക്രമത്തിൽ പങ്കുചേർന്ന ബുദ്ധമതക്കാരേയും നിർദയ പീഡനങ്ങളും കൂട്ടക്കൊലകളും ചെയ്തുകൂട്ടുന്നതിനെതിരിൽ ഞാൻ താക്കീത് ചെയ്യുന്നു. നിഷ്ക്കളങ്കരായ മുസ്ലിംകകളേയും മറ്റ് സാധാരണക്കാരേയും പീഡിപ്പിക്കുന്നതു അവസാനിപ്പിക്കുക ! മ്യാൻമാർ പൗരന്മാർ എന്ന നിലയിലുള്ള അവരുടെ അടിസ്ഥാന മനുഷ്യാവകാശങ്ങൾ നിഷേധിക്കുകയും മ്യാൻമാറിൽ നിന്ന് ഈ മുസ്ലുംകളുൾപ്പെടെ ബുദ്ധമതക്കാരല്ലാത്തവരെയെല്ലാം തുടച്ചുനീക്കാനും ആണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ, ഓർത്തുകൊള്ളുക ! ദൈവക്രോധം നിങ്ങൾ പ്രതീക്ഷിക്കാത്ത രീതികളിൽ നിങ്ങൾക്കുമേൽ ആപതിക്കുന്ന സമയം വിദൂരമല്ല. ഓംഗ്സാൻ സ്യൂകിയേയും അവരുടെ സർക്കാറിനേയും ഞാൻ താക്കീത് ചെയ്യുന്നു. നയങ്ങൾ മാറ്റി മനുഷ്യത്വം കാട്ടുക. ക്രൂരത അവസാനിപ്പിച്ചില്ലെങ്കിൽ, മൃഗങ്ങളുടേതിനേക്കാൾ മോശമായൊരു വിധി നിങ്ങളെ തേടിവരും.

അല്ലാഹുവിന്റെ ഖലീഫയെന്ന നിലയിലും ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിന്റെ ആഗോള ആത്മീയ നേതാവ് എന്ന നിലയിലും ഞാൻ നിങ്ങളെ താക്കീത് ചെയ്യുന്നു. നിരപരാധികളായ സാധാരണക്കാരെ കൊല്ലുന്നത് അവസാനിപ്പിക്കുക നിങ്ങളുടേയും നിങ്ങളുടെ ഗവണ്മെന്റിന്റെയും രാജ്യത്തിന്റേയും മേൽ ദൈവക്രോധം പതിക്കുന്നതിനെ കരുതിയിരിക്കുക. ജനങ്ങളോട് പൊതുവിലും ന്യൂനപക്ഷങ്ങളോട് പ്രത്യേകിച്ചും അവകാശലംഘനങ്ങൾ നടത്തരുത്. മോശമായി പെരുമാറരുത്. നിങ്ങൾ ബുദ്ധന്റെ അദ്ധ്യാപനങ്ങൾ പിന്തുടരാൻ ആഗ്രഹിയ്ക്കുന്ന യഥാർത്ഥ അനുയായികൾ ആകാൻ ആഗ്രഹിയ്ക്കുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ ആദ്യം പഠിയ്ക്കുക. ബുദ്ധന്റെ തത്വങ്ങളിൽ നിന്നും അദ്ധ്യാപനങ്ങളിൽ നിന്നും നിങ്ങൾ എന്തുമാത്രം അകന്നു പോയിരിക്കുവെന്ന് മനസ്സിലാക്കാൻ ഈ അദ്ധ്യാപനങ്ങൾ നിങ്ങൾ മനസ്സിലാക്കണം.

ഗൗതമ ബുദ്ധൻ സമാധാന ദൂതനായ ഒരു മനുഷ്യൻ ആയിരുന്നു. നിങ്ങൾ ശാന്തിയ്ക്കുവേണ്ടി നിലകൊള്ളുന്നവർ ആണോ ? ദാരിദ്രവും നിരപരാധികളോടുള്ള ക്രൂരതയും ബുദ്ധൻ വെറുത്തിരുന്നു. അപ്പോൾ, എന്തിനാണ് സഹപൗരന്മാരെ നിങ്ങൾ പിഡീപ്പിക്കുന്നത് ? ഈ സഹപൗരന്മാർ നിങ്ങളുടെ രീതികൾ പിന്തുടരുന്നവരല്ല. അവർ മുസ്ലിംകൾ എന്ന നിലയിൽ തങ്ങളുടെ വിശ്വാസ പ്രകാരം കീഴ്വണക്കം ദൈവത്തിന് മാത്രമായ് സമർപ്പിക്കുന്നവരാണ്.

ചുരുക്കിപ്പറഞ്ഞാൽ, ബുദ്ധന്റെ ആദ്ധ്യാത്മിക പാഠങ്ങൾ ഇവയാണ്, മനുഷ്യരെല്ലാം സഹോദരങ്ങളാണ്. എല്ലാവരോടും അനുകമ്പകാട്ടണം. ശത്രുക്കളോട് പോലും ദയയുള്ളവരായിരിക്കുക, സത്യത്തെ സ്നേഹിക്കുക, ചീത്തയായതിനെ നിരാകരിക്കുക, സദ്വൃത്തികൾ പരസ്യം ചെയ്യുന്നതിനേക്കാൾ രഹസ്യമായി നിർവ്വഹിക്കുക, പണക്കൊഴുപ്പിന്റെ അപകടങ്ങൾ ഓർമ്മയിൽ വയ്ക്കുക, മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം ചിന്തയിലും, വാക്കിലും പ്രവർത്തിയിലും കടന്നുവരേണ്ട വിശുദ്ധിയായിരിക്കണം. ദൈവീക പാത പരിശുദ്ധിയുടേതകയാൽ, ഏറ്റവും പരിശുദ്ധമായ നിലയിൽ പ്രവർത്തിക്കേണ്ടത് നിങ്ങളുടെ കർത്തവ്യമാണ്. സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന എല്ലാ തിന്മകളും വർജ്ജിക്കുക.

**ഈ താക്കീതിനെ വിലമതിക്കുക. സ്വഭാവം / നയങ്ങൾ പരിഷ്ക്കരിക്കുക, ആ വിധി നേരം എത്തുന്നതിന് മുമ്പ്** സർവ്വശക്തനായ ദൈവത്തിന്റെ സമാധാനവും അനുഗ്രഹങ്ങളും സഹായവും മ്യാൻമറിലെ മുസ്ലിം ന്യൂനപക്ഷ വിഭാഗത്തോടൊപ്പം ഉണ്ടാകട്ടെ ! അതുപോലെ തന്നെ, ഇസ്ലാം മത വിശ്വാസികൾ എന്ന നിലയിലോ ! മുസ്ലിം ന്യൂനപക്ഷ സമുദായാംഗം എന്ന നിലയിലോ പീഡനങ്ങൾപേറുന്ന എല്ലാ രാജ്യങ്ങളിലുമുള്ള മുസ്ലിംകളുടെ മേലും ദൈവീക സമാധാനവും അനുഗ്രഹങ്ങളും സഹായവും ഉണ്ടാകട്ടെ ! ദൈവീക സന്ദേശങ്ങൾ പിന്തുടരുന്നവരിലും അനുഗ്രഹങ്ങൾ ഉണ്ടാവട്ടെ ! നന്മയ്ക്കുവേണ്ടി നിലകൊണ്ട് നല്ലതുകൊയ്യാൻ നിങ്ങൾക്ക് കഴിയട്ടെ ! എല്ലാസ്തുതിയും സർവ്വലോക പരിപാലകനാകുന്നു ആമീൻ. !

**Translated by:**
Fazil Jamal
**Issued by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**